# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6894 13.07.2012 - ൽ മറുപടിക്ക്

## തിരുവനന്തപുരത്തെ അബാക്കസ് സോഫ്റ്റ് വെയർ റോളൗട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം നഗരത്തിൽ വിന്യസിച്ചിട്ടുളള അബാക്കസ് സോഫ്റ്റ്വെയർ മറ്റേതെങ്കിലും സ്ഥലത്ത് റോളൗട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അബാക്കസ് റോളൗട്ട് ചെയ്യുന്നതിനായി പുതിയ സെർവറും ഡാറ്റാബേസ് സോഫ്റ്റ്വെയറും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സോഫ്റ്റ്വെയറാണ് ഇതിനായി ഉപയോഗിക്കുന്നത്; | (ബി) | തീരുമാനിച്ചിട്ടില്ല. |
| (സി) | റോളൗട്ടിന് ആകെ എത്ര രൂപ ചെലവ് വരും; ഡേറ്റാബേസ് സോഫ്റ്റ്വെയറിന്റെ വിലയും ലൈസൻസ് ഫീസും അടക്കം ചെലവിന്റെ വിശദാംശം നൽകാമോ ; | (സി) | ബാധകമല്ല. |
| (ഡി) | പുതിയ സെർവർ, ഡേറ്റാ ബേസ് സോഫ്റ്റ്വെയർ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനായി വാട്ടർ അതോറിറ്റി ടെണ്ടർ ക്ഷണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | ടെണ്ടർ ക്ഷണിച്ചിട്ടില്ല. ടി കാര്യത്തിന് കെൽട്രോണിൽ നിന്നും ലഭിച്ച ടെക്നോ കൊമേഴ്സ്യൽ പ്രൊപ്പോസലിന്മേൽ തീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | വാട്ടർ അതോറിറ്റിയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് ഐ.ടി സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ഇ) | ഗവൺമെന്റ് ഫണ്ടിൽ നടപ്പാക്കുന്ന ഇ-ഗവർണൻസ് പദ്ധതികൾ സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കാവുന്ന ഇടങ്ങളിൽ പരമാവധി അതുതന്നെ ഉപയോഗിക്കണമെന്ന് ഉള്ള നിർദ്ദേശം ഐടി സെക്രട്ടറി നൽകിയിട്ടുണ്ട്. ഈ കാര്യങ്ങൾ സംബന്ധിച്ചുള്ള അന്തിമ തീരുമാനം കേരള ജല അതോറിറ്റി ഇതു വരെ എടുത്തിട്ടില്ല. |
| (എഫ്) | സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ, പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറുകൾ എന്നിവയുടെ ചെലവുകൾ സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനമനുസരിച്ച് പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിന് ഉണ്ടാകുന്ന അധിക ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; ഈ പഠന പ്രകാരം ഉള്ള ചെലവുകളുടെ താരതമ്യ വിശദാംശം ലഭ്യമാക്കാമോ ? | (എഫ്) | കേരള വാട്ടർ അതോറിറ്റി അംഗീകരിച്ച പഠന റിപ്പോർട്ടുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ